# THE TREASURY OF KNOWLEDGE
# ജ്ഞാനനിക്ഷേപം

| വാല്യം 168 | ഏപ്രിൽ 2015 | ലക്കം 4 |
|---|---|---|




## ബിഷപ്പിന്റെ കത്ത്

കർത്താവിൽ പ്രിയരേ,

വീണ്ടും ഒരു വിശുദ്ധവാരത്തിലേക്ക് ഉത്ഥാനത്തിന്റെയും മരണത്തെ ജയിച്ച ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ അനുഭവങ്ങളിലേക്കും പ്രവേശിച്ചിരിക്കുകയാണല്ലോ. യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെയും മരണ-പുനരുത്ഥാനത്തിന്റെയും വചനാനുഭവങ്ങൾ പങ്കുവയ്ക്കുക എന്ന നിലയിൽ വളരെ പ്രധാനപ്പെട്ട ഒരു മാസമാണിത്. ജീവിതത്തെ ആഘോഷവും വിരുന്നുകളുടെ അനുഭവവുമായി കണ്ടവനാണ് ക്രിസ്തു. ഒരു പക്ഷെ യോഹന്നാന്റെ സുവിശേഷാനുഭവത്തിൽ പരിശോധിക്കുമ്പോൾ കാനാവിലെ കല്യാണവിരുന്നിലാരംഭിച്ച്, അന്ത്യ അത്താഴത്തിൽ അവസാനിക്കുന്നതാണ് ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ. വിരുന്നുകൾക്കിടയിലെ പരസ്യശുശ്രൂഷ കാലയളവിൽ നിരവധി വിരുന്നുകളിലൂടെ സഞ്ചരിക്കുന്ന യേശു ഭോഗസംസ്കൃതിയുടെ പ്രചാരകനായല്ല മറിച്ച് വിരുന്നിന്റെ ആഘോഷത്തെ ദൈവശാസ്ത്ര വിഷയങ്ങളുമായി കോർത്തിണക്കി പുത്തൻപഠിപ്പിക്കലുകൾക്കും മുതിരുന്നുണ്ട്. കാനാവിലെ വിരുന്നിൽ തന്റെ നാഴികയ്ക്കുവേണ്ടി കാത്തുനിന്ന് അടയാളങ്ങളുടെ ആരംഭം കുറിക്കുന്ന ക്രിസ്തു, വിവിധ വിഷയങ്ങളെ വിരുന്നുകളിലൂടെ സമന്വയിപ്പിക്കുന്നുണ്ട്.



ഒന്നാമതായി തന്റെ പഠിപ്പിക്കലുകളുടെ കേന്ദ്രമായ ദൈവരാജ്യത്തെ വിരുന്നിനോട് യേശു ഉപമിക്കുന്നുണ്ട്. എല്ലാവരേയും സമത്വപൂർവ്വം കരുതുന്ന വിരുന്നുപോലെതന്നെ ദൈവരാജ്യം എന്നതാണ് ഒരു വിവക്ഷ. ഏവർക്കും പങ്കെടുക്കാവുന്ന വിരുന്നുപോലെതന്നെ ദൈവരാജ്യവും പങ്കെടുക്കലിന്റെ ആഘോഷമാണ്. ഒരുപക്ഷെ ലോകത്തിന്റെ മുൻഗണനകളാൽ നിങ്ങൾക്കത് നഷ്ടപ്പെട്ടു എന്നു വന്നേക്കാം. വിവാഹം കഴിക്കുന്നതും, രണ്ടേർ കാളയെ വാങ്ങുന്നതും പുതിയ നിലം വാങ്ങുന്നതും

നല്ലതുതന്നെ, പക്ഷെ ഉത്തമം എന്നു വിശേഷിപ്പാനാകില്ല. മാത്രമല്ല വേണ്ട ത്ര ഒരുക്കം ഇല്ലായെങ്കിൽ (വിശേഷവസ്ത്രം ധരിച്ചില്ലായെങ്കിൽ)പുറത്തു പോകേണ്ടിവരും എന്ന പരുഷമായ പ്രഖ്യാപനവും അതിൽ അടങ്ങിയിട്ടുണ്ട്. എന്നാൽ എല്ലാവർക്കും ക്ഷണം ലഭിക്കുന്ന വിരുന്നാണ് ദൈവരാജ്യം എന്ന് അസന്നിഗ്ധമായി കർത്താവ് പ്രഖ്യാപിക്കുന്നുണ്ട്. ദൈവരാജ്യം ഭക്ഷണവും, പാനീയവുമല്ല പക്ഷെ ജീവിതത്തിന്റെ പ്രാഥമികമായ അവകാശങ്ങളെ കോർത്തിണക്കി, വൈവിധ്യങ്ങളെ അംഗീകരിക്കപ്പെടുന്ന ഏവർക്കും ഇടമുള്ള വിരുന്നനുഭവത്തിന്റെ ആത്മീയത ദൈവരാജ്യത്തിനുണ്ട് എന്നതാണ് സാരം.

രണ്ടാമത് ഉത്തരവാദിത്വങ്ങളെ വിരുന്നനുഭവമായി കർത്താവ് പ്രഖ്യാപിക്കുന്നുണ്ട്. ശമര്യാക്കാരി സ്ത്രീയുമായി നീണ്ട സംവാദത്തിലേർപ്പെടുന്ന ക്രിസ്തു, ഭക്ഷണവുമായെത്തിയ ശിഷ്യഗണങ്ങളോട് അറിയിച്ചത് അവർ അറിയപ്പെടാത്ത ഭക്ഷണത്തെക്കുറിച്ചാണ്. തന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുക എന്ന ഉത്തരവാദിത്ത പൂർത്തീകരണമാണ് ഈ ഭക്ഷണം (യോഹ 4:31–34). നമ്മുടെ മുൻപിലുള്ള വിരുന്നിൽ പങ്കെടുത്ത് ഉണ്ടുതീർക്കണമെന്ന താണതിന്റെ കാതൽ. നിങ്ങൾക്ക് കുറച്ചു മാത്രം ഭക്ഷിക്കാം, ഭക്ഷിച്ച് തൃപ്തി വരാം, അത് ഒരു തുറന്ന സാധ്യത നമുക്ക് നൽകുകയാണ്. അന്ത്യ അത്താഴ സമയത്ത് ഈ ക്രൂശാകുന്ന ഉത്തരവാദിത്ത വിരുന്നാണ് ക്രിസ്തു പൂർത്തി യാക്കുന്നത്. ക്രൂശ് ഒരു അടയാളമല്ല, മറിച്ച് ഒരു മാർഗമാണ്. ആ മാർഗം ആശയറ്റവർക്ക് ആശയും വഴിയറിയാത്തവർക്ക് പുതുവഴിയും എല്ലാവർക്കും പ്രത്യാശയും നൽകുന്നതാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. പുതിയ കാലത്ത് അത് നൽകണമെങ്കിൽ ദൈവരാജ്യ പ്രഘോഷകരായ നാം അനി വാര്യമായി തീർക്കേണ്ട ഉത്തരവാദിത്വങ്ങൾ നമ്മുടെ മുമ്പിലെ കുരിശടയാള ങ്ങളാണ്. വൈഷമ്യകരമായ ഈ ദൗത്യപൂർത്തീകരണം നിർവ്വഹിക്കുമ്പോ ഴാണ് നാം വർത്തമാനകാലത്ത് ക്രൂശിന്റെ മാർഗകരായി മാറുന്നത്. ക്രൂശിന്റെ വഴി ക്രിസ്തുവിന്റെ ഉത്തരവാദിത്വമാകുമ്പോൾ, ക്രിസ്തു മാർഗത്തിന്റെയും വഴി ക്രൂശിന്റെ കനൽ വഴികൾ തന്നെയാവണം.

മൂന്നാമത് സേവനത്തിന്റെ അടയാളമായി വിരുന്നിനെ ക്രിസ്തു വിവരി ക്കുന്നുണ്ട്. അന്ത്യ അത്താഴ സമയത്ത് കുറച്ചുകൂടി വ്യാപകമായി സേവനോ ന്മുഖമായ അനുഭവത്തിൽ ക്രിസ്തു വിരുന്നിനെ വ്യക്തമാക്കുന്നുണ്ട്. ഗുരു വും കർത്താവുമായവൻ തന്റെ ശിഷ്യന്മാരുടെ കാൽ കഴുകി തുടച്ചു. മാത്രമല്ല താൻ കാൽ കഴുകാഞ്ഞാൽ തന്നോടുകൂടെ പങ്കില്ല (യോഹ 13:8) എന്ന് വ്യക്തമാക്കുകയും ചെയ്തു. ക്രിസ്തുവിന്റെ ശിഷ്യത്വത്തിന്റെ വിരുന്നുണ്ണു ന്നവർ താഴ്ചയുടെയും സഹനത്തിന്റെയും ആൾരൂപങ്ങളായി മാറണം. വിരു ന്നിൽ ആതിഥേയൻ എഴുന്നേറ്റാൽ വിരുന്നു കഴിഞ്ഞു എന്നാണ് വിവക്ഷ. എന്നാൽ ക്രിസ്തു എഴുന്നേറ്റ് പരമ്പരാഗതമായ കാഴ്ചപ്പാടുകൾ മാറ്റിവച്ച് ഒരു പുതിയ മാതൃക സേവനത്തിന്റെയും ശിഷ്യത്വത്തിന്റെയും പ്രതീകമായി വരച്ചുകാട്ടി. മാത്രമല്ല അതു തമ്മിൽത്തമ്മിൽ ആചരിക്കുവാൻ കൽപിക്കു കയും ചെയ്തു. (യോഹ 13: 14–15) ശീമോന്റെ വീട്ടിൽ വിരുന്നിന് ചെല്ലുകയും, അവിടെ പാപിനിയായ സ്ത്രീയുടെ തൈലാഭിഷേകം ഏറ്റുവാങ്ങുകയും ചെയ്ത ക്രിസ്തു ശീമോനോട് ആവശ്യപ്പെടുന്നത് ഈ സേവനോന്മുഖത യാണ്, മറിച്ച് ആതിഥേയന്റെ തലക്കനമല്ല. ഇന്ന് ക്രിസ്തുവിന്റെ ശുശ്രൂഷ

വിവിധ നിലകളിൽ ചെയ്യുന്ന നമുക്ക് ഈ സേവനപരത കൈമോശം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഞാൻ ശുശ്രൂഷ ചെയ്പ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ നൽകുവാനുമാണ് വന്നത് എന്ന ക്രിസ്തുമൊഴി ഈ സേവനപരതെയാണ് കാണിക്കുന്നത്. സൗകര്യങ്ങളും സുഖലോലുപതകളും വർദ്ധിച്ച ഒരു ലോകക്രമത്തിൽ ഭൂരിപക്ഷം ക്രൈസ്തവർക്കും വിശിഷ്യ ശുശ്രൂഷ മേഖലകളിൽ ഇടപെടുന്നവർക്കും നഷ്ടമാകുന്ന ഈ സേവനോന്മുഖതയിലേക്ക് തിരിച്ചു വരുവാൻ ഈ നോമ്പുകാലവും, പെസഹാ വിരുന്നും നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ വിരുന്നനുഭവങ്ങളിലേക്കാണ് ക്രിസ്തു നമ്മെ വിളിച്ചത്, വിളിച്ചുകൊണ്ടിരിക്കുന്നത്. ദൈവരാജ്യത്തിന്റെയും ഉത്തരവാദിത്ത പൂർത്തീകരണങ്ങളുടെയും, സേവനോന്മുഖതയുടെയും വിരുന്നുത്സവത്തിലേക്കുള്ള ക്ഷണം. ക്രൂശിന്റെ സഹനത്തിൽ തന്നോടു ചേർന്ന് പാനപാത്രം കുടിപ്പാനും, ക്രൂശിന്റെ സഹനത്തിൽ പങ്കാളികളാകാനുമാണ് ക്രിസ്തു നമ്മെ ക്ഷണിക്കുന്നത്. അങ്ങനെയാണ് യഥാർത്ഥമായ വിധത്തിൽ ക്രൂശ് നമ്മുടെ ജീവിതത്തിലെ സ്വാർത്ഥകമാകുന്നത്.

ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽവച്ചു നടന്ന ആംഗ്ലിക്കൻ ഇക്കോ-ബിഷപ്പ്സ് കോൺഫറൻസിൽ പങ്കെടുക്കുന്നതിനിടയായി. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചു പഠിക്കുന്നതിനും ലോകമാകെ ഇതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തി സഭയായി എന്തുചെയ്യാം എന്നതിനെക്കുറിച്ച് ദീർഘവീക്ഷണത്തോടുകൂടിയ പഠനപ്രവർത്തനങ്ങളിലേക്ക് ആംഗ്ലിക്കൻ വിശ്വാസ സമൂഹത്തെ നയിക്കുന്നതിനുവേണ്ടിയുള്ള ചർച്ചാവേദിയായിരുന്നു ഈ കോൺഫറൻസ്. ദക്ഷിണാഫ്രിക്കയിലെ ആംഗ്ലിക്കൻ പ്രിമേറ്റ് ആയ മോസ്റ്റ് റവ ഡോ. താബോ മഗ്കോബാ വിളിച്ചു ചേർത്ത ഈ സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 20 ബിഷപ്പുമാരാണ് പങ്കെടുത്തത്. ദക്ഷിണേന്ത്യാസഭയുടെ പ്രതിനിധിയായി, ഏഷ്യൻ സഭകളെയൊന്നാകെ ഈ കോൺഫറൻസിൽ പ്രതിനിധീകരിക്കുവാനും പരിസ്ഥിതി പ്രവർത്തനങ്ങളിലെ മുന്നണിപോരാളികളായ സി. എസ്. ഐ. സഭയുടെ വൈവിധ്യപൂർണ്ണമായ പ്രവർത്തന സരണികളെപ്പറ്റി വിശദീകരിക്കുന്നതിനും ലഭിച്ച അവസരം ഒരു ഭാഗ്യവും സി. എസ്. ഐ. സഭയ്ക്ക് ലഭിച്ച അംഗീകാരമായും കരുതുന്നു. ആംഗ്ലിക്കൻ സഭയുടെ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട നിലപാടുകൾ ഈ സമ്മേളനത്തിൽ രൂപീകരിച്ച് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആംഗ്ലിക്കൻ സഭയുടെ പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ചുള്ള പ്രവർത്തനങ്ങളുടെ കോർഡിനേറ്റർ ടെറി റോബിൻസണോടുള്ള നന്ദിയെ അറിയിക്കുന്നു.

നെടുമ്പ്രം സി. എസ്. ഐ. ദൈവാലയത്തിനുവേണ്ടി പുതുതായി പണികഴിപ്പിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷകൾ നിർവ്വഹിച്ചു. അനേക ആളുകളുടെ പ്രാർത്ഥനയും നിസ്വാർത്ഥമായ പിൻബലവും കൊണ്ടാണ് ഈ മനോഹര ദൈവാലയം പൂർത്തീകരിച്ചത്. നേതൃത്വം നൽകിയ ഇടവക വികാരി റവ. തോമസ് കെ. പ്രസാദ് അച്ചനേയും സഭാ പ്രവർത്തകൻ തോമസ് സഖറിയാ സാറിനേയും, നിർമ്മാണ ചെലവിന്റെ പ്രധാന ഭാഗം വഹിച്ച പുന്നവേലി അമ്പാട്ട് കുറ്റിയാനിക്കൽ ശ്രീ. കെ. വി. ചാക്കോയെയും കുടുംബത്തേയും അഭിനന്ദിക്കുന്നു.

മുണ്ടക്കയം വൈദിക ജില്ലാ കൺവൻഷന്റെ സമാപനയോഗത്തിൽ പങ്കെടുക്കുവാൻ ഇടയായി. വളരെ വ്യത്യസ്ഥമായി പരിസ്ഥിതി സമ്മേളനവും, ലഹരിവിരുദ്ധസമ്മേളനവും, പൊതുയോഗവുമായി കാനം ദൈവാലയ പരിസരത്ത് സംഘടിപ്പിച്ച ഈ കൂടിവരവ് ക്രമീകരണങ്ങൾ കൊണ്ടും, പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു. നേതൃത്വം നൽകിയ മുണ്ടക്കയം ജില്ലാ ചെയർമാൻ റവ. ജേക്കബ് ജോർജ്, ജില്ലയിലെ പട്ടക്കാർ, സഭാശുശ്രൂഷകർ, ജില്ലാ കൗൺസിൽ സെക്രട്ടറി ശ്രീ. ജോൺസൺ, കാനം ഇടവക ഏവരേയും അഭിനന്ദിക്കുന്നു.

തന്മാസത്തിൽ പുന്നയ്ക്കാട്, കഞ്ഞിക്കുഴി ദൈവാലയങ്ങളിൽ സ്ഥിരീകരണ ശുശ്രൂഷകൾ നടത്തപ്പെട്ടു. സ്ഥാനാർത്ഥികളെ ഒരുക്കിയ റവ. ഡോ. ജേക്കബ് ചാക്കോ, റവ. ഡോ. ഉമ്മൻ ജോർജ് എന്നിവരേയും അഭിനന്ദിക്കുന്നു. സ്ഥിരീകരണം കഴിഞ്ഞ കുഞ്ഞുങ്ങളെ തെന്നിന്ത്യാസഭയിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

മാവേലിക്കര ബിഷപ്പ് മൂർ കോളജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം നടത്തപ്പെട്ടു. ശ്രീ. ആർ രാജേഷ് എം.എൽ.എ., സി. സി. എ ജനറൽ സെക്രട്ടറി ശ്രീ. മാത്യൂസ് ജോർജ് ചുനക്കര തുടങ്ങി രാഷ്ട്രീയ സാമുഹിക-മത-സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്ത പ്രൗഢഗംഭീരമായ ജൂബിലി സമ്മേളനം ഏറ്റവും അനുഗ്രഹമായി ക്രമീകരിക്കപ്പെട്ടു. സുവർണ്ണ ജൂബിലി ആഘോഷ ഭാഗമായി നിർമ്മിച്ച കവാടത്തിന്റെ പ്രതിഷ്ഠാശുശ്രൂഷയും നിർവ്വഹിച്ചു. കഴിഞ്ഞ 50 വർഷക്കാലം കോളജിനെ നയിച്ച റവ. കെ. സി. മാത്യു അച്ചൻ ഉൾപ്പെടെയുള്ള പ്രിൻസിപ്പൽമാർ, അധ്യാപകർ, അനധ്യാപകർ, കുട്ടികൾ എല്ലാവരേയും കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. ജൂബിലി സമാപന പരിപാടികൾ ചിട്ടയായും പ്രൗഢമായും ക്രമീകരിച്ച പ്രിൻസിപ്പൽ ഡോ. ലീലാമ്മ ജോർജ്, മറ്റ് ജൂബിലി ആഘോഷ കമ്മറ്റി ഭാരവാഹികൾ ഏവരേയും അഭിനന്ദിക്കുന്നു.

നമ്മുടെ മഹായിടവകയുടെ സന്താനവും, ബിഷപ്പ് മൂർ കോളജ് മുൻ വൈസ് പ്രിൻസിപ്പാളും, ലോക സഭാകൗൺസിലിന്റെ രാജ്യാന്തര വിഭാഗം മുൻ ഡയറക്ടറുമായിരുന്ന പ്രൊഫ. ഡോ. നൈനാൻ കോശി അന്തരിച്ചു. വേദശാസ്ത്ര രംഗത്തെ വേറിട്ട ശബ്ദവും ജനപക്ഷ ദൈവശാസ്ത്ര പ്രയോക്താവും നയതന്ത്ര രാജ്യാന്തര പഠനങ്ങളിലെ ആധികാര ശബ്ദവുമായിരുന്ന ഡോ. നൈനാൻ കോശി സാർ അൻപതുകളിൽ മഹായിടവക യുവജനപ്രസ്ഥാനത്തിലൂടെയാണ് പൊതുരംഗത്തേക്ക് വന്നത്. യുവജനപ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനാവുകയും അതുവഴി സമ്പാദിച്ച നീതിബോധവും വേദശാസ്ത്ര ചിന്തകളും കൈമുതലാക്കി ലോക പ്രശസ്തനായി മാറിയ സാർ എന്നും മഹായിടവകയ്ക്ക് അഭിമാനമാണ്. സാറിന്റെ നിര്യാണത്തിൽ കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ-മത-സാംസ്കാരിക മേഖലകളിലെ നേതൃത്വമൊന്നാകെ ആദരാഞ്ജലികൾ അർപ്പിച്ചത് അദ്ദേഹത്തോടുള്ള വലിയ ആദരവിന്റെ പ്രതിഫലനമായിരുന്നു. തിരുവനന്തപുരത്തു നടന്ന ശവസംസ്കാരശുശ്രൂഷയിലും ധാരാളം പ്രമുഖർ എത്തിയത് പ്രസ്താവ്യമാണ്. മഹായിടവകയുടെ ദുഃഖം അറിയിക്കുകയും, സഹധർമ്മിണിയെയും മക്കളെയും കുടുംബാംഗങ്ങളെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സി. എം. എസ്. കോളജിന്റെ അക്കാദമിക്ക് ഓഡിറ്റ് പൂർത്തിയായി. ഇന്ത്യയിലെ ആദ്യത്തെ കലാലയവും ദ്വിശതാബ്ദി ആഘോഷങ്ങളിലേക്ക് ചുവടുകൾ വയ്ക്കുന്നതുമായ കോളജിന്റെ പഠനപ്രവർത്തനങ്ങളും മികവും കഴിഞ്ഞ വർഷങ്ങളിലെ ഫലങ്ങളും വിലയിരുത്തിയ അക്കാദമിക് ഓഡിറ്റിംഗിൽ എല്ലാ വകുപ്പുകളുടെയും തലവന്മാർ പങ്കെടുത്തു.

ദ്വിശതാബ്ദി പദ്ധതികളുടെ ഭാഗമായുള്ള നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. അടൂർ ഹിയറിംഗ് ഇംപയേർഡ് കോളജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കോട്ടയത്തെ മഹായിടവക കോമ്പൗണ്ടിൽ നാം പണിയുന്ന വൈദിക ഭവന്റെ ലാന്റ് സ്കേപ്പിംഗ് പ്രവർത്തനങ്ങൾ പൂർത്തിയായി നിർമ്മാണത്തിലേക്ക് പ്രവേശിക്കുകയാണ്. മാവേലിക്കരയിൽ ഇന്റർനാഷണൽ പ്ലേസ്കൂളിന്റെ അനുമതി അവസാന ഘട്ടത്തിലായിട്ടുണ്ട്. അനുമതി ലഭ്യമായാൽ ഉടൻതന്നെ പണികൾ ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങളെയൊക്കെ ഓർത്ത് നിങ്ങൾ പ്രാർത്ഥിക്കുമല്ലോ.

മുംബൈയിലെ നമ്മുടെ പരേൽ, വസായി, ബോറിവാലി ഇടവകകൾ ഒന്നുചേർന്ന് ഒരു പുതിയ മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. പത്താം ഉത്തരേന്ത്യൻ കുടുംബ യുവസംഗമത്തിന് ആതിഥേയത്വം വഹിച്ച ഈ സഭകൾ 'ചുവന്ന തെരുവിലെ' ലൈംഗിക തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും, അവരുടെ കുട്ടികളുടെ പഠനത്തിനും വേണ്ടി ആരംഭിക്കുന്ന ഈ പ്രവർത്തനം ക്രിസ്തു സ്നേഹത്തിന്റെ ഏറ്റവും വലിയ കരുതലിന്റെ പ്രകടഭാവമാണ്. തങ്ങൾ ജീവിക്കുന്ന മഹാനഗരത്തിൽ കരുതൽ ആവശ്യമായ ഇത്തരം ആളുകളെ കരുതുവാനും ദൈവസ്നേഹത്തിലേക്ക് അവരെ കൂട്ടിച്ചേർക്കുവാനും തയ്യാറായ ഈ ഇടവകകളെയും അതിനു നേതൃത്വം നൽകിയ റവ. സാം മാത്യു അച്ചനെയും റവ. സാം എൻ. ജോഷ്വാ അച്ചനെയും അഭിനന്ദിക്കുന്നു. മറ്റിടവകകൾക്കും ഇത്തരം വ്യതിരിക്തമായ മിഷൻപ്രവർത്തനങ്ങൾ ഏറ്റെടുപ്പാൻ ദൈവം കൃപ നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മഹായിടവകയുടെ ഭരണപരമായ എല്ലാ കാര്യങ്ങളും ക്രമീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിനകം 11 ജില്ലാ കൗൺസിലുകൾ കൂടുകയും ഭാരവാഹികളേയും സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കുകയും ചെയ്തു. ബിഷപ്പ് ചാപ്പലിൽ നടന്ന ജില്ലാ ചെയർമാന്മാരുടെ നോമ്പ് ആരാധനയും കൂടിവരവും ശുശ്രൂഷകളുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി ആത്മശോധന ചെയ്യുന്നതിനും വരുന്ന നാളുകളിലെ ശുശ്രൂഷകളെപറ്റി അവലോകനം ചെയ്യുന്നതിനും സഹായകരമായിരുന്നു.

നെടുങ്ങാടപ്പള്ളി സി.എം.എസ്. ഹൈസ്കൂൾ അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുന്ന രീതിയുണ്ട്. പ്രസ്തുത സമയത്ത് ഭവനമില്ലായെന്നു കണ്ടെത്തിയ ഏഴാം ക്ലാസ് വിദ്യാർത്ഥി ആൽഫിൻ സോജിയുടെ കുടുംബത്തിന് സ്കൂൾ സോഷ്യൽ സർവ്വീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകിയ ഭവനം മാർച്ച് 17ന് പ്രതിഷ്ഠിക്കാൻ ഇടയായത് സന്തോഷകരമായിരുന്നു. ഈ ഉദ്യമത്തിനു നേതൃത്വം നൽകിയ ഹെഡ്മാസ്റ്റർ റോയി പി. ചാണ്ടിയേയും, ലോക്കൽ മാനേജരേയും അദ്ധ്യാപകരേയും, അഭ്യുദയകാംക്ഷികളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

1817-ൽ സ്ഥാപിതമായ സി. എം. എസ്. കോളജിന്റെ ദ്വിശതാബ്ദി ആഘോഷങ്ങളുടെ ആരംഭം കുറിച്ചുകൊണ്ട് കോളജ് കുടുംബവും, പൂർവ്വ വിദ്യാർത്ഥി ശ്രേഷ്ഠരും പങ്കെടുത്ത സ്തോത്രാരാധന ഏറ്റവും ശ്രേഷ്ഠ കരമായിരുന്നു. പ്രസ്തുത ആരാധനയിൽ റൈറ്റ് റവ. തോമസ് മാർ തിമോത്തിയോസ് (യാക്കോബായ സഭ), റൈറ്റ് റവ. ജോസഫ് മാർ ബർന്ന ബാസ് (മാർത്തോമ്മാ സഭ), മോസ്റ്റ് റവ. കുറിയാക്കോസ് മാർ സേവാറി യോസ് (ക്നാനായ സഭ), റൈറ്റ് റവ. ഡോ. സാം മാത്യു, റൈറ്റ് റവ. തോമസ് സാമുവൽ, പത്മഭൂഷൻ ജസ്റ്റിസ് കെ. ടി. തോമസ്, മഹായിടവക ഭാരവാഹി കൾ എന്നിവരും സന്നിഹിതരായിരുന്നു. കോളജ് പ്രിൻസിപ്പൽ ഡോ. റോയി സാം ദാനിയേൽ 2015 മുതൽ 2017 വരെ നീണ്ടുനിൽക്കുന്ന ദ്വിശതാബ്ദി പദ്ധതികൾ അവതരിപ്പിച്ചു. ബിഷപ്പ് സന്ദേശം നൽകുകയും, ത്രിത്വനാമ ത്തിൽ പരിപാടികൾ ഉദ്ഘാടനം ചെയ്തതായും പ്രഖ്യാപിച്ചു.

മദ്ധ്യകേരള മഹായിടവകയുടെ ഉത്തരേന്ത്യൻ മിഷൻവയലായ ഉത്ത രാഞ്ചൽ മിഷന്റെ 10-ാം വാർഷിക ആഘോഷത്തിൽ സംബന്ധിക്കുന്നതിനും മിഷനിൽ ഇദംപ്രഥമമായി ക്രമീകരിച്ച ഹിന്ദിയിലുള്ള വിശുദ്ധ സംസർഗ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിക്കുന്നതിനും കമ്പ്യൂട്ടർ സെന്ററിന്റെ ഉദ്ഘാ ടനം നിർവ്വഹിക്കുന്നതിനും ഇടയായതിൽ സന്തോഷിക്കുന്നു. നേതൃത്വം നൽ കിയ റവ. പി. ജെ. സിംഗ്, റവ, സജീവ് സുഗു, റവ. ഷാജി എം. ജോൺസൺ, മിഷനറി സോബി ജോർജ് എന്നിവരെ അഭിനന്ദിക്കുന്നു.

ഏപ്രിൽ മാസത്തിൽ എല്ലാ സഭകളിലും വി. ബി. എസ്. നടത്തുവാൻ ക്രമീകരണം ചെയ്തുകാണുമല്ലോ. വി. ബി. എസ്. ക്രമീകൃതമായി നടത്തി കുട്ടികളെ സഭയുമായുള്ള ബന്ധത്തിൽ വളർത്തുവാൻ ബന്ധപ്പെട്ട ഏവരും ശ്രദ്ധിക്കുമല്ലോ.

സഭയുടെ 2014-15 വർഷത്തെ കണക്കുകൾ കൃത്യമായി ഓഡിറ്റിംഗിനു വിധേയമാക്കി പൊതുയോഗ അംഗീകാരത്തോടെ നിശ്ചിത സമയത്തിനു ള്ളിൽ മഹായിടവക ഓഫീസിൽ നൽകേണ്ടതാണ്. ടാക്സ് സംബന്ധിയായ ധാരാളം പ്രശ്നങ്ങളും അന്വേഷണങ്ങളും ഉയർന്നുവരുന്ന ഈ സാഹ ചര്യത്തിൽ കൃത്യമായ സാമ്പത്തിക ക്രമീകരണങ്ങൾ നിർവ്വഹിക്കുവാൻ എല്ലാ സഭകൾക്കും കഴിയേണ്ടതാണ്. എല്ലാ സഭകളിലേയും പൊതുയോഗ വും, സംഘടനാ വാർഷികവും കൃത്യമായി നടത്തി ഒരു വർഷത്തെ പ്രവർ ത്തനങ്ങളുടെ ശരിയായ വിലയിരുത്തലുകളും പുതിയ വർഷത്തെ പരിപാടി കളുടെ രൂപീകരണവും നിർവ്വഹിച്ച് സഭയൊന്നാകെ പുതിയ സാമ്പത്തിക വർഷത്തിൽ മുന്നേറണം. നമ്മുടെ വിഭവങ്ങളും മാനവ വിഭവശേഷിയും അർത്ഥവത്തായി സഭകളുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി പങ്കു വയ്ക്കുവാൻ ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

കോട്ടയം,
20.03.2015.

**†റൈറ്റ് റവ. തോമസ് കെ. ഉമ്മൻ**
ബിഷപ്പ്.

# ബിഷപ്പിന്റെ 2015 ഏപ്രിൽ മാസത്തെ പ്രോഗ്രാം

| | | | | |
|---|---|---|---|---|
| 01–05 | | | : | ഷാർജ വിശുദ്ധവാര ആരാധനകൾ |
| 06–09 | | | : | ചെന്നൈ സിനഡ് കമ്മററികൾ, സ്പെഷ്യൽ സിനഡ് |
| 10 | വെള്ളി | | : | വിമൻസ് ഫെലോഷിപ്പ് കോൺഫറൻസ് |
| 11 | ശനി | | : | ബാംഗ്ലൂർ യു. റ്റി. സി. എക്സിക്യൂട്ടീവ് |
| 12 | ഞായർ | 08.00 a.m. | : | കത്തീഡ്രൽ സ്ഥിരീകരണം |
| | | 06.30 p.m. | : | പുന്നവേലി ജില്ലാ കൺവൻഷൻ സമാപനം |
| 13 | തിങ്കൾ | 10.30 a.m. | : | നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ |
| | | | : | കേരള റീജിയണൽ യൂത്ത് അസംബ്ലി മേലുകാവ് |
| 14 | ചൊവ്വ | 09.00 a.m. | : | പോസ്റ്റ്മാരിറ്റൽ കൗൺസലിംഗ്- റിട്രീറ്റ് സെന്റർ |
| | | 10.00 a.m.-01.00 p.m. | : | സന്ദർശനസമയം |
| | | 05.00 p.m. | : | സ്ഥിരീകരണം - മാമൂട് |
| 15–16 | | | : | ചെന്നൈ |
| 17 | വെള്ളി | 09.00 a.m.-01.00 p.m. | | |
| | | | : | ഭരണനിർവ്വഹണം |
| | | 03.00 p.m. | : | ബോർഡ് മീറ്റിംഗുകൾ |
| 18 | ശനി | | : | KUTS - കൗൺസിൽ, ബിരുദദാനം-തിരുവനന്തപുരം |
| 19 | ഞായർ | 09.00 a.m. | : | സ്ഥിരീകരണം - മങ്കുഴി |
| 20–21 | | | : | ഊട്ടി - സിനഡ് പരിസ്ഥിതി സമ്മേളനം |
| 22 | ബുധൻ | | : | ക്വയറ്റ് ഡേ |
| 23 | വ്യാഴം | 09.00 a.m.-10.30 a.m. | | |
| | | | : | സന്ദർശനസമയം |
| | | 11.30 a.m. | : | കഞ്ഞിക്കുഴി |
| 24 | വെള്ളി | 09.00 a.m. | : | പട്ടംകൊട ശുശ്രൂഷ - കത്തീഡ്രൽ |
| | | 05.30 p.m. | : | സൗത്ത് ചെങ്ങളം - വെസ്ട്രി പ്രതിഷ്ഠ |
| 25 | ശനി | 09.00 a.m. | : | ഒളശ്ശ - 175-ാം ജൂബിലി സമാപനം |
| 26–28 | | | : | പറക്കാൽ മിഷൻ നവതി സമാപനം, പർക്കാൽ & തെലുങ്കാന മിഷൻ വാർഷിക കമ്മറ്റി |
| 29–30 | | | : | ചെന്നൈ-സി.എസ്.ഐ. വൈദിക വിദ്യാർത്ഥി സമ്മേളനം ❖ |

*എല്ലാ വായനക്കാർക്കും ഈസ്റ്റർ ആശംസകൾ*